بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 22.03.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## വിശുദ്ധ ഖുർആനിന്റെ മഹത്വവും ശ്രേഷ്ഠതയും

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًاعَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

شَہۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡہِ الۡقُرۡاٰنُ ہُدًی لِّلنَّاسِ وَبَیِّنٰتٍ
مِّنَ الۡہُدٰی وَالۡفُرۡقَانِ ۚ فَمَنۡ شَہِدَ مِنۡکُمُ الشَّہۡرَ فَلۡیَصُمۡہُ ؕ
وَمَنۡ کَانَ مَرِیۡضًا اَوۡ عَلٰی سَفَرٍ فَعِدَّۃٌ مِّنۡ اَیَّامٍ اُخَرَ ؕ یُرِیۡدُ اللّٰہُ
بِکُمُ الۡیُسۡرَ وَلَا یُرِیۡدُ بِکُمُ الۡعُسۡرَ ۫ وَلِتُکۡمِلُوا الۡعِدَّۃَ
وَلِتُکَبِّرُوا اللّٰہَ عَلٰی مَا ہَدٰٮکُمۡ وَلَعَلَّکُمۡ تَشۡکُرُوۡنَ ﴿۱۸۶﴾

(സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾകൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ (ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളിൽ ആരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റു ദിവസങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനുംവേണ്ടിയാകുന്നു.)

ഈ ആയത്തിൽ അല്ലാഹു റമദാൻ മാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി പറയുന്നു. ഈ മാസത്തിൽ ആണ് വിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ടത്. അത് മനുഷ്യന് ഒരു മഹത്തായ സന്മാർഗമാകുന്നു. അല്ലാഹു ഈ ഗ്രന്ഥത്തിൽ എല്ലാ കാര്യങ്ങളും വലയം ചെയ്തുകൊണ്ട്, എല്ലാ സന്മാർഗവും നൽകിക്കൊണ്ടും, മനുഷ്യനെ അല്ലാഹുവിലേക്ക് മുന്നേറാനുള്ള എല്ലാ വഴികളും കാണിച്ചുതരികയും ശൈത്വാന്റെ സകലവഴികളെ സംബന്ധിച്ചും ജാഗ്രതപ്പെടുത്തുകയും ചെയ്തുകൊണ്ട്, നിലവിലുള്ളതും വരാനിരിക്കുന്നതുമായ എല്ലാ കാര്യങ്ങളിലേക്കും മാർഗദർശനം നൽകിക്കൊണ്ട്, അതിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗങ്ങളെ പറ്റി പാഠങ്ങൾ നൽകിക്കൊണ്ട്, ശിർക്കിനെ സംബന്ധിച്ച് ജാഗ്രതപ്പെടുത്തുകയും അതിൽനിന്നും രക്ഷപ്പെടാനുള്ള മാർഗങ്ങൾ പഠിപ്പിച്ചുകൊണ്ട്, ഇപ്പോൾ ഉള്ളതും കഴിഞ്ഞ കാലത്ത് ഉണ്ടായിരുന്നതും ഭാവിയിൽ ഉണ്ടാകാനുള്ളതുമായ എല്ലാ കാര്യങ്ങളും വിശുദ്ധ ഖുർആനിൽ വിവരിച്ചുക്കൊണ്ട്, അല്ലാഹുവുമായുള്ള ബന്ധം അഭിവൃദ്ധിപ്പെടുത്താനും സന്മാർഗത്തിൽ നിലകൊള്ളാനുമുള്ള സകല വഴികളും ഈ അവസാനത്തെ സമ്പൂർണ്ണവും തികവുറ്റതുമായ ന്യായപ്രമാണത്തിൽ വിവരിച്ചിരിക്കുന്നു.

ആയതിനാൽ ഈ മഹത്ഗ്രന്ഥത്തെ പ്രവർത്തനരൂപരേഖയാക്കി പ്രവർത്തിക്കുകയും തന്റെ ഇഹപരലോകങ്ങൾ നന്നാക്കുകയം ചെയ്യുന്നവൻ സൗഭാഗ്യവാനാണ്. സത്യത്തെ മുറുകെപിടിക്കുകയും അതിൽ നിലകൊള്ളുകയും ചെയ്യുവിൻ. പിന്നെ അല്ലാഹുവിന് തന്റെ ദാസന്മാരോടുള്ള സനേഹപ്രയാണത്തിന്റെ ദൃശ്യങ്ങൾ കാണുകയും ചെയ്യുവിൻ. ചുരുക്കത്തിൽ റമദാന്റെ പ്രാധാന്യമെന്തെന്നാൽ അല്ലാഹു ഈ മാസത്തിൽ സമ്പൂർണ ശരീഅത്ത് നമുക്ക് ഇറക്കിതന്നു എന്നുള്ളതാണ്. ഈ ഗ്രന്ഥത്തിൽ നോമ്പ് നിർബന്ധമാക്കുകയും ഇബാദത്തുകളുടെ രീതി പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. നമ്മൾ പ്രസ്തുത സമ്പൂർണ മാർഗത്തെപ്പറ്റി തിരിച്ചറിവ് കരസ്ഥമാക്കുകയും അതിനെ ജീവിതത്തിന്റെ രൂപരേഖയാക്കുകയും വേണം. നമ്മൾ അഹ്മദികൾ സൗഭാഗ്യവാന്മാരാകുന്നു. കാരണം നമുക്ക് നബി(സ)ന്റെ സത്യദാസനായ വാഗ്ദത്ത മസീഹ് അതേക്കുറിച്ചുള്ള അവബോധം നൽകി.

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ എന്ന ആയത്തിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ വാചകത്തിൽനിന്നു തന്നെ റമദാന്റെ പ്രാധാന്യം മനസ്സിലാകുന്നുണ്ട്. അതായത് ഈ പരിശുദ്ധ മാസത്തിലാണ് ഈ മഹത്ഗ്രന്ഥം ഇറങ്ങിയത്. സൂഫിയാക്കൾ എഴുതിയിരിക്കുന്നത്, ഈ മാസം മനസ്സിനെ പ്രകാശിതമാക്കാൻ ഏറ്റവും അനുയോജ്യമായ മാസമാണെന്നാണ്. ഇതിൽ വളരെയധികം കശ്ഫുകൾ (ജാഗ്രതാദർശനങ്ങൾ) ഉണ്ടാകുന്നതാണ്. നമസ്കാരം മനസ്സിനെ വിശുദ്ധീകരിക്കുന്നു; നോമ്പ് മനസ്സിനെ തേജോമയമാക്കുന്നു. പറയുന്നു: ഞാൻ ഖുർആനെന്ന പദത്തെപ്പറ്റി ചിന്തിച്ചപ്പോൾ ഈ പരിശുദ്ധ പദത്തിൽ ഒരു ശക്തമായ പ്രവചനമുണ്ടെന്ന് എനിക്ക് മനസ്സിലായി. എന്തെന്നാൽ ഇതേ ഖുർആൻ അതായത് പാരായണയോഗ്യമായ ഗ്രന്ഥം, ഒരു കാലഘട്ടത്തിൽ കുറേകൂടി പാരായണയോഗ്യമായ ഗ്രന്ഥമായി മാറുന്നതാണ്. ഇനി എല്ലാ ഗ്രന്ഥങ്ങളും ഒഴിവാക്കുക; രാപ്പകൽ അല്ലാഹുവിന്റെ ഗ്രന്ഥം മാത്രം പാരായണം ചെയ്യുക. നമ്മുടെ ജമാഅത്ത് വിശുദ്ധ ഖുർആന്റെ കാര്യങ്ങളിലും പഠനങ്ങളിലും ഹൃദയാത്മനാ മുഴുകേണ്ടതാണ്. ഹദീസിന്റെ കാര്യങ്ങളിലുള്ള താൽപര്യം ഒഴിവാക്കുക.

ഈ സമയത്ത് വിശുദ്ധ ഖുർആനാകുന്ന ആയുധം കൈയിലെടുക്കുവിൻ; എങ്കിൽ നിങ്ങൾക്ക് വിജയമുണ്ട്. ഈ പ്രകാശത്തിന് മുമ്പിൽ ഒരു അന്ധകാരവും നിലനിൽക്കുന്നതല്ല. വിശുദ്ധ ഖുർആൻ അനുസരിച്ച് നീങ്ങുന്നവർക്ക് മാത്രമേ വിജയം വരിക്കുകയുള്ളൂ. വിശുദ്ധ ഖുർആനെ ഉപേക്ഷിച്ചുകൊണ്ടുള്ള വിജയം അസാധ്യമായ കാര്യമാകുന്നു. അത് ഒരു സ്വപ്നം മാത്രമാകുന്നു. സ്വഹാബാക്കളുടെ മാതൃകയെ മുന്നിൽ വെക്കുക. അവർ നബി(സ)യെ അനുസരിക്കുകയും ദീനിനെ ദുനിയാവിനേക്കാളും മുന്തിക്കുകയും ചെയ്തപ്പോൾ അവരോട് ചെയ്ത എല്ലാ വാഗ്ദാനങ്ങളും അല്ലാഹു അവർക്ക് പൂർത്തിയാക്കിക്കൊടുത്തു. മുസ്‌ലിംകൾ വിശുദ്ധ ഖുർആനിലേക്ക് തിരിയാത്തിടത്തോളം അവരിൽ ഈമാൻ ഉണ്ടാവുകയോ ആരോഗ്യം വീണ്ടെടുക്കുകയോ ചെയ്യുന്നതല്ല. നേരത്തെ വന്ന അതേ മാർഗത്തിലൂടെ തന്നെയാണ് അന്തസും ആഭിജാത്യവും കൈവരികയുള്ളൂ. ചുരുക്കത്തിൽ വിശ്വാസവും കർമവും പുരോഗതിപ്പെടുക ഭൗതികാസക്തരായ ആളുകളെ പിന്തുടരുന്നതിലൂടെയല്ല. മറിച്ച് വിശുദ്ധ ഖുർആനെ പിന്തുടരുമ്പോഴാണ് ലഭ്യമാവുക.

ആയതിനാൽ അതിനുവേണ്ടി നമ്മൾ ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും പഠിക്കേണ്ടതായിട്ടുണ്ട്. അപ്പോഴാണ് ഈ മഹത്തായ ദൈവവാണികളേയും സന്മാർഗത്തേയും മനസ്സിലാക്കിക്കൊണ്ട് നമുക്ക് അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

മസീഹ് മൗഊദ് ദിനത്തിൽ നമ്മൾ കൃത്യമായി യോഗങ്ങളും മറ്റും നടത്തുന്നു. തിരുനബി(സ)ന്റെ പ്രവചനവും ദൈവിക വാഗ്ദാനവും അനുസരിച്ചുള്ള മസീഹ് മൗഊദിന്റെ ആഗമനത്തെപ്പറ്റി വിവരിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. പക്ഷെ ഈ പരിധിവരെ മാത്രം ഈമാൻ വർധിച്ചാൽ പോര. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് വിശുദ്ധ ഖുർആൻ സംബന്ധമായി നൽകിയിരിക്കുന്ന ഖജനാവ് പഠിക്കുകയും പ്രാവർത്തികമാക്കുകയും അതിനെ ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യേണ്ടത് അനിവാര്യമാകുന്നു. അതുകൂടാതെ നമ്മുടെ വിശ്വാസം പൂർണമാകുന്നതല്ല. റമദാനിൽ നോമ്പെടുക്കുകയും ഫർള് നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുകയും കുറച്ച് നഫലുകൾ അനുഷ്ഠിക്കുകയും ചെയ്തതുകൊണ്ട് മാത്രം റമദാന്റെ കടമ നിറവേറ്റപ്പെടുന്നതല്ല. മറിച്ച് വിശുദ്ധ ഖുർആൻ പഠിക്കുകയും അതിന്റെ കൽപനകൾ അന്വേഷിച്ച് അതനുസരിച്ച് പ്രവർത്തിക്കേണ്ടതും വളരെ അനിവാര്യമാകുന്നു. ഇത് തന്നെയാണ് അല്ലാഹുവിന്റെ റഹ്മാനിയ്യത്തിന്റെയും റഹീമിയത്തിന്റെയും പ്രഭാവത്തിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക്വേണ്ടി തന്നുപോയിട്ടുള്ള നിരവധി പാഠങ്ങളും ലിഖിതങ്ങളും പാരായണം ചെയ്തുകൊണ്ട് പ്രാവർത്തികമാക്കുകയും ചെയ്യുമ്പോഴാണ് നമ്മൾ ശരിയായ നിലയിൽ വിശുദ്ധ ഖുർആനിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നവരായി മാറുകയുള്ളൂ.

റമദാനിൽ ഓരോരുത്തരും നിർബന്ധമായും ചുരുങ്ങിയത് ഒരു ജുസൂഅ് ദിവസവും പാരായണം ചെയ്യണം. അങ്ങനെ റമദാനിൽ വിശുദ്ധ ഖുർആൻ ഒരു തവണയെങ്കിലും ഓതിപൂർത്തിയാക്കേണ്ടതാണ്. ഹദ്റത്ത് ജിബ്രീൽ നബി(സ)ന് റമദാനിൽ അതുവരെ ഇറങ്ങിയ അത്രയും വിശുദ്ധ ഖുർആൻ ഒരാവർത്തി പൂർത്തീകരിച്ചു ഓതിക്കൊടുത്തിരുന്നു. അവസാന വർഷം മുഴുവൻ വിശുദ്ധ ഖുർആൻ രണ്ട് തവണ പൂർണമായും ഓതി പൂർത്തിയാക്കിയിരുന്നു. ചുരുക്കത്തിൽ വിശുദ്ധ ഖുർആൻ പാരായണത്തിന്റെ പ്രാധാന്യം എല്ലാവരുടെയും മുന്നിൽ ഉണ്ടായിരിക്കേണ്ടതാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: സത്യ ഹൃദയത്തോടെ അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ പരിശുദ്ധ ഗ്രന്ഥമനുസരിച്ച് പ്രവർത്തിക്കുകയും റസൂലുല്ലാഹ്(സ)നെ അനുസരിക്കുകയും ചെയ്യുന്നയാൾക്ക് അല്ലാഹു അനന്തമായ അനുഗ്രഹങ്ങളിൽനിന്ന് പങ്കുനൽകുന്നതാണ്. അയാൾക്ക് നൽകപ്പെടുന്ന അനുഗ്രഹങ്ങൾ ഭൗതിക അനുഗ്രഹങ്ങളേക്കാളും വളരേയേറെ ഔന്നത്യമുള്ളതായിരിക്കും. അതിലൊന്ന് പാപപ്പൊറുതിയാകുന്നു. അതായത് അല്ലാഹു അയാളുടെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നു. മറ്റാളുകൾ ഈ അനുഗ്രഹത്തെപറ്റി ഒന്നും അറിവില്ലാത്തവരാകുന്നു. (മനുഷ്യൻ അതിലേക്ക് തിരിയുകയും തന്റെ മുൻകാല പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് മാപ്പ് യാചിക്കുകയും മേലിൽ നന്മകൾക്കുള്ള ഉറച്ച തീരുമാനവുമെടുക്കുകയാണെങ്കിൽ അല്ലാഹു പൊറുത്തുകൊടുക്കുന്നതുമാണ്.) എന്റെ വാക്കുകളെ ശ്രദ്ധാപൂർവം ശ്രവിക്കുവിൻ. അതിന് ഹൃദയങ്ങളിൽ ഇടം നൽകുവിൻ. നിങ്ങൾ അവ കർമങ്ങളിലൂടെ സ്ഥാപിക്കുവിൻ. അതിന്റെ പ്രഭാവം ഈ ഒരു നിമിഷംവരെ മാത്രം പോരാ. മറിച്ച് ആഴത്തിൽ സ്വാധീനം ചെലുത്തേണ്ടതാണ്. ഇവിടെയിരുന്ന് ഖുത്ബ കേൾക്കുന്ന സമയം വരെ മാത്രം അതിന്റെ സ്വാധീനമുണ്ടായാൽ പോരാ മറിച്ച് പിന്നീടും അതനുസരിച്ച് പ്രവർത്തിക്കണം. പ്രവർത്തിക്കുക എന്ന് വെച്ചാൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും റമദാനിൽ അത് ശീലമാക്കുകയും പിന്നെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കുകയും അതിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

നമ്മൾ വിശുദ്ധ ഖുർആനിൽ കൈകടത്തിയെന്ന് അഹ്മദികൾക്കെതിരിൽ ആരോപണം ഉന്നയിക്കപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഖുർആൻ ദൈവിക നിയമവും മോക്ഷത്തിനുള്ള മാർഗവുമാകുന്നു. നമ്മളതിൽ മാറ്റങ്ങൾ വരുത്തുകയാണെങ്കിൽ അത് വലിയൊരു പാപമായിരിക്കും. നമ്മൾ യഹൂദ-ക്രൈസ്തവരെ ആക്ഷേപിക്കുകയും വിശുദ്ധ ഖുർആനെ സംബന്ധിച്ച് അതേ രീതി അവലംബിക്കുകയും ചെയ്യുന്നത് എത്ര വിചിത്രമായിരിക്കും. ക്രിസ്ത്യാനികളുടെ ഗ്രന്ഥങ്ങൾ വാസ്തവത്തിൽ കൈയേറ്റങ്ങളും തിരുത്തലുകളും വന്നതാണെങ്കിലും അവരതിൽ കൈകടത്തലുകളുണ്ടായിട്ടില്ലായെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയും അതേസമയം നമ്മൾ സ്വയം കൈകടത്തലിനുള്ള ചിന്തയിലുമാണെന്ന് പറയുന്നതെന്ന് എത്രമാത്രം ഖേദകരവും വിചിത്രവുമായിരിക്കും.

ആ മഹാത്മാവ് പറയുന്നു: അല്ലാഹുവിനു വേണ്ടി തന്റെ ആത്മാവിനോട് യുദ്ധം ചെയ്യുന്നവൻ സൗഭാഗ്യവാൻ. തന്റെ ദേഹേച്ഛക്ക്‌വേണ്ടി അല്ലാഹുവിനോട് യുദ്ധം ചെയ്യുന്നവൻ ദുർഭഗനാകുന്നു. തന്റെ ദേഹേച്ഛക്ക്‌വേണ്ടി ദൈവിക കൽപനകളെ ഒഴിവാക്കുന്നവൻ അവനോട് യോജിക്കുന്നവനല്ല. അവന് മാനലോകത്ത് പ്രവേശനം ലഭിക്കുന്നവനുമല്ല. അവന് ദൈവസാമീപ്യം കരസ്തമാക്കാനും സാധ്യമല്ല. ആയതിനാൽ വിശുദ്ധ ഖുർആനിൽ ഒരു വള്ളിയോ പുള്ളിയോ നിങ്ങൾക്കെതിരിൽ സാക്ഷിപറയാതിരിക്കാനും അത് മുഖേന നിങ്ങൾ പിടിക്കപ്പെടാതിരിക്കാനും പരിശ്രമിക്കുവിൻ. കാരണം തിന്മയ അല്പം പോലുമുണ്ടെങ്കിൽ അവൻ ശിക്ഷാർഹനാകുന്നു. സമയം കുറവും പ്രവർത്തനസജ്ജമായ ആയുസ്സ് അനിശ്ചിതവുമാകുന്നു. സായാഹ്നമടുത്തിരിക്കുന്നു. ശീഘ്രഗതിയിൽ ചുവടുവെക്കുവിൻ. അവിടെ സമർപ്പിക്കാനുള്ളതിനെ സംബന്ധിച്ച് കൂടെകൂടെ പരിശോധിക്കുവിൻ. ഒന്നും ബാക്കിയാവാൻ ഇടവരരുത്. വെറും അധരവ്യായാമവും നികൃഷ്ടവും വിലയില്ലാത്തതുമായ സാമഗ്രികൾ രാജസദസ്സിൽ സമർപ്പിക്കാൻ യോഗ്യമല്ല.

അല്ലാഹു നമുക്ക് ശരിയായ രീതിയിൽ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെ മനസിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും തൗഫീഖ് നൽകുമാറാകട്ടെ. നമ്മളെപ്പോഴും അല്ലാഹുവിനോട് നന്ദിയുള്ളവരും (സന്മാർഗത്തെ പ്രയോജനപ്പെടുത്തുന്നവരും) ആയിത്തീരട്ടെ. നമ്മൾ റമദാനിൽ മാത്രമല്ല മറിച്ചെപ്പോഴും ഖുർആനികാധ്യാപനമനുസരിച്ച് ജീവിതം നയിക്കുന്നവരാകട്ടെ. ഇതെല്ലാം ഉണ്ടെങ്കിൽ മാത്രമേ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുമായി ചെയ്ത ബൈഅത്തിനെ യഥാവിധി നിറവേറ്റുന്നവരാണെന്നു പറയാൻ കഴിയുകയുള്ളൂ. അല്ലാഹു ഈ റമദാനിലും തുടർന്ന് എപ്പോഴും ഖുർആനിക അധ്യാപനങ്ങളിൽനിന്ന് പ്രയോജനമെടുക്കാൻ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

നമ്മുടെ ദുആകളിൽ ഫലസ്തീനികളെയും ഓർക്കുക. യുദ്ധത്തിനുപുറമേ പട്ടിണിയും രോഗങ്ങളും കാരണവും ഇപ്പോൾ കുട്ടികളുടെയും നിരപരാധികളുടേയും ജീവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ യു.എൻ സ്ഥാപനങ്ങളും ഇത് മനുഷ്യനിർമ്മിത പട്ടിണിയും പരിവട്ടവുമാണെന്നും ഈ ആപത്തുകൾ ഇസ്രായേൽ സർക്കാറിന്റെ കാഠിന്യവും ദുശ്ശാഠ്യവും മുഖേന ഉണ്ടായതാണെന്നും പറഞ്ഞുതുടങ്ങിയിരിക്കുന്നു.

വഴികൾ തുറക്കുകയും സഹായം വേഗം എത്തിക്കപ്പെടുകയുമാണെങ്കിൽ ഇപ്പോഴും അവസ്ഥകൾ മെച്ചപ്പെടുന്നതാണ്. അതേപോലെ സുഡാനിലെ ജനങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഇവരുടെ നേതാക്കന്മാർക്കും ഭരണകർത്താക്കൾക്കും വിവേകം നൽകുമാറാകട്ടെ. അവിടെയും ജനങ്ങൾ പട്ടിണിയും രോഗവും കാരണം മരണപ്പെട്ടുകൊണ്ടിരിക്കുന്നു. സ്വന്തം ജനങ്ങൾതന്നെ തങ്ങളുടെ നാട്ടുകാർക്കുമേൽ അക്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം സംഭവിക്കുന്നത് ഭൗതികേച്ഛയും ഖുർആനികാധ്യാപനങ്ങൾ വിസ്മരിച്ചതും അല്ലാഹുവിനാൽ ഇക്കാലഘട്ടത്തിൽ നിയോഗിതനായ വ്യക്തിയെ നിരാകരിച്ചതും കാരണമാണ്. മറ്റ് പല മുസ്‌ലിം രാജ്യങ്ങളിലും വളരെ സങ്കടകരമായ അവസ്ഥയാണുള്ളത്. ഭരണകൂടങ്ങൾ നാട്ടുകാർക്കുമേൽ അക്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ പരസ്പരം പോരടിക്കുന്നു. അല്ലാഹു അവരോട് കരുണ ചൊരിയുമാറാകട്ടെ. പാക്കിസ്ഥാനിലേയും യമനിലേയും നമ്മുടെ അഹ്മദി തടവുകാർക്ക്‌വേണ്ടിയും ദുആ ചെയ്യുക. പാക്കിസ്ഥാനിലെ പൊതുവായ അവസ്ഥയ്ക്ക്‌വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അഹ്മദികളെ സംരക്ഷിക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് (ഹദ്റത് മസീഹ് മൗഊദ്[അ]ന്റെയും ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഅവ്വൽ[റ]ന്റേയും പ്രപൗത്രനും ഹദ്റത് മുസ്‌ലിഹ് മൗഊദ്[റ]ന്റെ ദൗഹിത്രനുമായ) അമേരിക്കയിലെ ഡോക്ടർ സഹീറുദ്ധീൻ മൻസൂർ അഹ്മദ് സാഹിബിനെയും, കാനഡയിലെ ഹുസൈൻ ആബിദീൻ ആഗാ സാഹിബിനേയും, സഊദി അറേബ്യയിലെ ഉസ്മാൻ ഹുസൈൻ മുഹമ്മദ് ഖൈർ സാഹിബിനേയും, അൾജീറിയയിലെ മുഹമ്മദ് സുഹ്റാബി സാഹിബിനേയും, റബ്‌വയിലെ സഊദ് അഹ്മദ് വടായിച്ച് സാഹിബിനേയും, ഹോളണ്ടിലെ ശഹബാസ് ഗോന്ദൽ സാഹിബിനേയും, അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللهِ رَحِمَكُمُ اللهُ اِنَّ اللهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** [atba]
at Masjid Mubarak, Islamabad, Tilford, UK – on 22.03.2024
Malayalam Translation & layout: **Moulavi T. Jamshad Mukkam**
Typing: M.P Abdul Latheef Puthoormadam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516